"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം മണക്കാട് ഡി വി എൽ പി എസ് ലെ എൽ പി എസ് ടി ശ്രീമതി ദിവ്യ ചന്ദ്രൻ ഫയൽ ചെയ്ത WP(C) No. 23741/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 1.11.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2057/2022/GEDN തീയതി,തിരുവനന്തപുരം, 26-03-2022

---

പരാമർശം:- 1. ശ്രീമതി ദിവ്യ ചന്ദ്രൻ സമർപ്പിച്ച 10.10.2021 ലെ ഹർജി (Ext P6)

2.ശ്രീമതി ദിവ്യ ചന്ദ്രൻ ഫയൽ ചെയ്ത WP(C) No. 23741/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 1.11.2021 ലെ വിധിന്യായം

3.കൊല്ലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.1.2022 ലെ D/2006/2021 നമ്പർ കത്ത്

4.കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.1.2022 ലെ B1/4472/2021 നമ്പർ കത്ത്

5.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2.2022 ലെ F4/13376/2021/DGE നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം മണക്കാട് ഡി വി എൽ പി എസ് ലെ എൽ പി എസ് ടി ശ്രീമതി ദിവ്യ ചന്ദ്രൻഫയൽ ചെയ്ത WP(C) No. 23741/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 1.11.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ സമർപ്പിച്ച Ext P6 ഹർജി , ഹർജിക്കാരിയെയും മാനേജരെയും ഉചിത മാർഗേന കേട്ടുകൊണ്ട് തീർപ്പാക്കുവാൻ സർക്കാരിന് നിർദേശം ലഭിക്കുകയുണ്ടായി . അതിന്റെ അടിസ്ഥാനത്തിൽ ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗ്ലഗിൾ മീറ്റ് വഴി 7.2.2022-ന് കേട്ടു.

2) <u>ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.</u>

എ) എനിക്ക് എൽ.പി.എസ്.റ്റി ആയി 06/06/2019 മുതൽ നിയമനം കിട്ടി നിയമന പ്രൊപ്പോസൽ

അന്നേ ദിവസം തന്നെ അംഗീകാരത്തിനായി മാനുവലായി മാനേജർ സമർപ്പിച്ചു. 20/06/2019-ൽ എ.ഇ.ഒ., ഡി.2352/19/N.Dis ആയി "14/06/2019 ലെ എച്ച്2/19500/19 നമ്പർ സർക്കുലറിലെ പാരാ (1) ലെ നിർദ്ദേശ പ്രകാരം മാനേജർക്ക് നിയമനാംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്കും യൂസർ ഐഡി ലഭിക്കുന്ന മുറയ്ക്കും സമന്വയ സോഫ്റ്റ് വെയർ വഴി ഈ കത്തിന്റെ പകർപ്പ സഹിതം സമർപ്പിക്കുന്നതിലേക്ക് തിരിച്ചയക്കുന്നു." എന്നു നിർദ്ദേശിച്ചു മടക്കി.

ബി) ശ്രീമതി. ഷൈലജാകുമാരിയെ മാനേജരായി അംഗീകരിച്ചതിനു ശേഷം എ.ഇ.ഒ 27/01/2020-ൽ നം.ഡി/1777/19 ഉത്തരവിലൂടെ User Name, Password എന്നിവ അനുവദിച്ചു. എന്റെ നിയമനാംഗീകാര പ്രൊപ്പോസൽ 28/01/2020 ൽ തന്നെ സമന്വയ വഴി പുന:സമർപ്പണം നടത്തുകയുണ്ടായി.

സി) 05/02/2020-ൽ കൊല്ലം എ.ഇ.ഒ.യുടെ നം.ഡി/2023/2020 ഉത്തരവിൽ പ്രൊപ്പോസൽ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിന് മാനേജർക്ക് കഴിഞ്ഞില്ല. 2018 ജൂൺ മുതൽ ശ്രീമതി പ്രീത.പി.കെ, സ്കൂൾ പ്രഥമാധ്യാപികയായി സ്ഥാന കയറ്റം നേടിയ ഒഴിവിൽ ടി സ്കൂളിൽ നിന്നു സംരക്ഷിക്കപ്പെട്ടു പുന:വിന്യസിപ്പിച്ചിരുന്ന ശ്രീമതി. റസിയാബീഗം തിരികെ പ്രവേശിക്കുകയും 31/03/2019-ൽ ടിയാൾ റിട്ടയർ ചെയ്ത ഒഴിവിലേക്ക് മാനേജർ ദിവ്യ ചന്ദ്രനെ നിയമിക്കുകയും ആണ് ചെയ്തിട്ടുള്ളത്. എന്നാൽ ശ്രീമതി. പ്രീത പി.കെ.യുടെ സ്ഥാനകയറ്റം നാളിതുവരെ അംഗീകരിച്ചിട്ടില്ലാത്തതിനാൽ എൽ.പി.എസ്.ടി ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്ന രണ്ടു കാരണങ്ങൾ ചൂണ്ടിക്കാട്ടി നിരസിച്ചു.

ഡി) 28/02/2020-ൽ മാനേജർ കൊല്ലം ഡി.ഇ.ഒ.യ്ക്ക് അപ്പീൽ സമർപ്പിച്ചു എ.ഇ.ഒ യുടെ കണ്ടെത്തലുകൾക്ക് പുറമേ അപ്പീൽ കൊടുക്കുവാനുണ്ടായ കാലതാമസം കൂടി ചേർത്തു കൊണ്ട് 30/03/2020-ൽ നം.ബി1/192170/2020 പ്രകാരം നിരസിച്ചു ഉത്തരവായി.

ഇ) 18/06/2020-ൽ മാനേജർ, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിച്ചു 12/01/2021-ൽ ശ്രീമതി. പ്രീത.പി.കെ യുടെ പ്രഥമാധ്യാപിക സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ എൽ.പി.എസ്.ടി തസ്തികയിലെ ഒഴിവ് സ്ഥിരീകരിക്കപ്പെടുന്നില്ല എന്ന കാരണം ചൂണ്ടികാണിച്ച് നിരസിച്ചുകൊണ്ട് നം. എഫ്4/230063/2020 ഉത്തരവായി.

എഫ്) എ.ഇ.ഒ 2-ഉം ഡി.ഇ.ഒ കൂട്ടതലായി 1- ഉം തടസ്സവാദങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. അവ ഓരോന്നിന്റേയും നിയമ സാധുത പരിശോധിക്കണമെന്നപേക്ഷിക്കുന്നു.

i . നിയമന പ്രപ്പോസൽ നിശ്ചിത സമയ പരിധിക്കുള്ളിൽ എ.ഇ.ഒ യ്ക്ക് സമർപ്പിച്ചിട്ടില്ല

a) 06/06/2019-ൽ ശ്രീമതി ദിവ്യചന്ദ്രനെ എൽ.പി.എസ്.റ്റി ആയി നിയമിക്കുമ്പോൾ ശ്രീമതി.ഷൈലജാകുമാരിയുടെ മാനേജരായിട്ടുള്ള നിയമനാംഗീകാരം കിട്ടിയിരുന്നില്ല. മാനേജർ അല്ല നിയമനം നടത്തിയതെന്നൊരാക്ഷേപം എ.ഇ.ഒ.യ്ക്ക് ഇല്ലാത്തതാകുന്നു. 01/01/2018 മുതൽ

മാനേജരായിട്ടുള്ള നിയമനം പിന്നീട് അംഗീകരിച്ചിട്ടുണ്ട്.

b) നിയമന തീയതിയായ 06/06/2019-ൽ തന്നെ 47/19-20 നമ്പരിൽ XIV A- യിൽ റൂൾ 8(1) പ്രകാരം മാനുവലായി എന്റെ നിയമന പ്രൊപ്പോസൽ "Forward ചെയ്തിട്ടുണ്ട്. മാനേജർ അയച്ച പ്രൊപ്പോസൽ എ.ഇ.ഒ കൈപറ്റുകയും ചെയ്തു.

മാനേജർക്ക് നിയമനാംഗീകാരം ലഭ്യമാകുന്ന മുറക്ക്, യൂസർ ഐഡി ലഭിക്കുന്ന മുറക്ക് 14/06/2019-ലെ എച്ച്2/19500/19 സർക്കുലറിലെ പാരാ (1) ലെ നിർദ്ദേശപ്രകാരം സമന്വയ സോഫ്റ്റ് വെയർ വഴി സമർപ്പിക്കണം എന്ന 20/06/2018-ലെ നിർദ്ദേശത്തോടെ മടക്കുകയുമാണ് ചെയ്തത്.

ശ്രീമതി. ഷൈലജാ കുമാരിയെ മാനേജരായി അംഗീകരിച്ചതിനുശേഷം User Name, Password എന്നിവ അനുവദിച്ച നൽകിയത് 27/01/2020 ആണ് മാനേജർ എന്റെ നിയമന പ്രപ്പോസൽ സമന്വയ വഴി 28/01/2020-ൽ സമർപ്പിച്ചതിൽ കാലതാമസം വന്നുവെന്ന കണ്ടെത്തൽ നിലനിൽക്കുന്നതല്ല നിയമപരവുമല്ല.

ii. 2018 ജൂണിൽ ശ്രീമതി. പ്രീത.പി.കെ, സ്കൂൾ പ്രഥമാധ്യാപികയായി സ്ഥാനകയറ്റം നേടിയ ഒഴിവിൽ ടി സ്കൂളിൽ നിന്നും സംരക്ഷിക്കപ്പെട്ട പുനർ വിന്യസിച്ചിരുന്ന ശ്രീമതി. റസിയാ ബീഗം തിരികെ പ്രവേശിക്കുകയും 31/03/2019-ൽ ടിയാൻ റിട്ടയർ ചെയ്ത ഒഴിവിലേക്ക് മാനേജർ ദിവ്യ ചന്ദ്രനെ നിയമിക്കുകയാണു ചെയ്തിട്ടുള്ളത്. എന്നാൽ ശ്രീമതി. പ്രീത.പി.കെ.യുടെ സ്ഥാന കയറ്റം നാളിതു വരെ അംഗീകരിച്ചിട്ടില്ലാത്തതിനാൽ എൽ.പി.എസ്.റ്റി ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല.

a) ഈ സ്ഥാപനത്തിൽ സ്വതന്ത്ര ചുമതലയുള്ള ഒരു ഹെഡ്മാസ്റ്ററെ നിയമിക്കുന്നതിനുള്ള മതിയായ കുട്ടികളില്ല.

b) XXIII -ലെ റൂൾ 1 (b) യിൽ:-

i. One post of Headmaster and

ii. As many post of Lower Primary School Assistants as the number of class divisions reduced by one.

iii. "Subject to item (i) and (ii) if the strength of the pupils in a lower primary school having standards I to IV or I to V exceeds 150, one post of Lower Primary School Assistant shall be sanctioned additionally by exempting the Headmaster from the class charge."

ഈ റൂളിൽ നിന്നും മനസ്സിലാക്കാവുന്നവ.

(i) അനുവദനീയമായ ക്ലാസ്സ് ഡിവിഷന്റെ അത്രയും അധ്യാപകരെ ക്ലാസ് ചുമതല നൽകി നിയമിക്കണം.

(ii) സ്കൂൾ ഒരു സ്ഥാപനം ആകയാൽ അതിന്റെ ഭരണ ചുമതല വഹിക്കുവാൻ യോഗ്യതയുള്ള സീനിയർ അദ്ധ്യാപകനെ അധിക ചുമതല നൽകി "ഹെഡ് ടീച്ചർ" എന്ന സ്ഥാനം നൽകുന്നു.

ലോവർ പ്രൈമറിയിൽ 150 കുട്ടികൾ ഉണ്ടെങ്കിൽ ഹെഡ് ടീച്ചറെ ക്ലാസ്സിന്റെ ചുമതലയിൽ നിന്നും ഒഴിവാക്കുകയും ഒരു എൽ.പി.എസ്.റ്റി തസ്തിക അധികമായി അനുവദിക്കേണ്ടതാണെന്ന് 20/10/17 ലെ എച്ച്2/34017/2017/ഡി.പി.ഐ ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്.

ഈ സ്കൂളിൽ 150 കുട്ടികളിൽ കുറവായതിനാൽ 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 4 എൽ.പി.എസ്.റ്റി മാരാണുള്ളത്. അതിൽ ഒരാളാണ് ശ്രീമതി. പി.കെ.പ്രീത. ടിയാളിന് ഹെഡ്മിസ്ട്രസ് ആയി അംഗീകാരം കിട്ടിയാലും ഇല്ലെങ്കിലും അവർ നിലനിൽക്കുന്ന തസ്തികയ്ക്ക് മാറ്റം വരുന്നില്ല. ഹെഡ്മിസ്ട്രസായി അംഗീകാരം കിട്ടുന്നതുകൊണ്ട് പുതിയ തസ്തിക അനുവദിക്കുന്നില്ല അതിനാൽ ശ്രീമതി. പി.കെ.പ്രീതയുടെ ഹെഡ്മിസ്ട്രസ് ആയുള്ള പ്രമോഷനും അവർ ജോലി ചെയ്യുന്ന തസ്തികയും പരിഗണനാവിഷയമേ അല്ല.

c. ഹൈസ്കൂളിനെ സംബന്ധിച്ചിടത്തോളം എച്ച്.എസ്.റ്റി-മാരുടെ നിയമനം വിഷയാനുപാത ക്രമത്തിലാകയാൽ ഹെഡ്മാസ്റ്ററുടെ നിയമനാംഗീകാരം കഴിഞ്ഞെങ്കിൽ മാത്രമേ ഏതു വിഷയത്തിനാണ് ഒഴിവു വരുന്നതെന്ന് ഉറപ്പ് വരുത്തി പകരം നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. എന്നാൽ എൽ.പി.എസ്-നെ സംബന്ധിച്ചിടത്തോളം ഹെഡ്മാസ്റ്റർ റിട്ടയർ ചെയ്താൽ ഒഴിവു വരുന്നത് ഒരു എൽ.പി.എസ്.റ്റി തസ്തികയാണ്.

d. ഹെഡ്മിസ്ട്രസായിരുന്ന ശ്രീമതി. പ്രസന്നകുമാരി 30/04/2018 ൽ വിരമിച്ചു. തന്മൂലം ടിയാളിന്റെ എൽ.പി.എസ്.റ്റി തസ്തിക ഒഴിവുവന്നു.

ഈ സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് സംരക്ഷണാനുകൂല്യത്തിൽ ആദിച്ചനല്ലൂർ പഞ്ചായത്ത് എൽ.പി.എസ്-ൽ ജോലി ചെയ്തു വന്നു. ശ്രീമതി. റസീയാബീഗത്തെ, ഹെഡ്മിസ്ട്രസ് ശ്രീമതി പ്രസന്നകുമാരി റിട്ടയർ ചെയ്തതുമൂലം ഉണ്ടായ ഒഴിവിൽ നിയമിച്ചുകൊണ്ടും തിരിച്ചയയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും 09/05/2018-ൽ മാനേജർ കത്തു നൽകി. അതിൻ പ്രകാരം ശ്രീമതി റസിയാ ബീഗം 10/06/2018-ൽ തിരികെ വന്ന് ജോലിയിൽ പ്രവേശിച്ചു. രാജി, മരണം, പ്രമോഷൻ, സ്ഥലംമാറ്റം, റിട്ടയർമെന്റ് മൂലം ഉണ്ടാകുന്ന ഒഴിവുകൾ വ്യവസ്ഥാപിതമാണെന്ന് 08/03/2019-ലെ ജെ2/57/2019/പൊ.വി. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി.റസിയാബീഗത്തെ തിരികെ വിളിച്ചു നിയമിക്കുമ്പോൾ ശ്രീമതി. പി.കെ.പ്രീതയെ ഹെഡ്മിസ്ട്രസായി അംഗീകരിച്ചിരുന്നില്ലെന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്.

ശ്രീമതി. റസിയാ ബീഗത്തിന്റെ എൽ.പി.എസ്.റ്റി തസ്തിക 31/03/2019-ൽ ടിയാൾ റിട്ടയർ

ചെയ്യുമ്പോൾ വ്യവസ്ഥാപിതമല്ലാതായി തീരുന്ന റൂളോ, ഉത്തരവുകളോ നിലവിലില്ലാത്തതിനാൽ ശ്രീമതി. റസിയാബീഗത്തിന്റെ റിട്ടയർമെന്റ് മുഖാന്തിരം ഉണ്ടായ ഒഴിവിൽ 06/06/2019-ൽ എനിക്ക് നിയമനം തരുമ്പോൾ വ്യവസ്ഥാപിത ഒഴിവില്ലെന്ന് എ.ഇ.ഒ യുടെ തടസ്സവാദം നിയമവിരുദ്ധവും അസാധുവുമാണ്. എന്റെ നിയമനം വ്യവസ്ഥാപിത ഒഴിവിൽ തന്നെയാണ്.

iii. അപ്പീൽ സമർപ്പിച്ചതിന് കാലതാമസം നേരിട്ടിട്ടുണ്ട് എന്ന ഡി.ഇ.ഒ.യുടെ തടസ്സവാദം

ഞാൻ ഹാജരാക്കിയിട്ടുള്ള എ.ഇ.ഒ.യുടെ നിരസിക്കൽ ഉത്തരവിൽ D/2023/2020 തീയതി 05/02/2020 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അടി ഭാഗത്ത് "Approved and proceeded by Sasikumar B.S (A.E.O, Kollam) on 17/02/2020- 11.44 A.M എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിനെതിരേ 28/02/2020-ൽ അപ്പീൽ സമർപ്പിച്ചാൽ കാലതാമസം വന്നുവെന്ന കണ്ടെത്തൽ ന്യായീകരിക്കാവുന്നതോ നിയമപരമോ അല്ല.

മേൽ പറഞ്ഞ വസ്തുതകൾ പരിശോധിച്ചാൽ എന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട എ.ഇ.ഒ.യും ഡി.ഇ.ഒ.യും ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾക്ക് റൂളിന്റെയോ ഉത്തരവുകളുടെയോ പിൻബലമില്ലാത്തതാണെന്ന് കണ്ടെത്താവുന്നതാണ്.

O.P No. 8056/86 കേസ്സിൽ ഉണ്ടായ ബഹു. ഹൈക്കോടതി വിധിയിൽ.

Approval of appointment controversy between two senior teachers for appointment as Headmaster cannot affect the teacher who was appointed as U.P.S.A in the retirement vacancy of Headmaster വ്യക്തമാക്കിയിട്ടുണ്ട്.

ഇതിൽ നിന്നും ശ്രീമതി. പി.കെ.പ്രീതയുടെ ഹെഡ്മിസ്ട്രസ് ആയിട്ടുള്ള നിയമനാംഗീകാരം ലഭ്യമായിട്ടില്ലായെന്ന കാരണത്താൽ റിട്ടയർമെന്റ് ഒഴിവിലെ എന്റെ 06/06/2019 മുതലുള്ള നിയമനം തടസ്സപ്പെടുത്താവുന്നതല്ലായെന്ന് ബഹു. ഹൈക്കോടതി വിധിയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

മേൽ പറഞ്ഞ വസ്തുതകൾ പരിശോധിച്ചാൽ ശ്രീമതി പി.കെ.പ്രീതയെ ഹെഡ്മിസ്ട്രസ് ആയി അംഗീകരിച്ചിട്ടില്ലായെന്ന കാരണത്താൽ എന്റെ 06/06/2019 മുതലുള്ള എൽ.പി.എസ്.റ്റി ആയി മറ്റൊരു റിട്ടയർമെന്റ് ഒഴിവിലെ നിയമനം തടസ്സപ്പെടുത്തിയതിന് റൂളിന്റെയോ, ഓർഡറിന്റെയോ പിൻബലമില്ലാത്തതാണെന്ന് വ്യക്തമാകയാൽ 06/06/2019 മുതലുള്ള എന്റെ നിയമനത്തിന് അംഗീകാരം കിട്ടുവാനാവശ്യമായ ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

3 ) <u>ജില്ലാവിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.</u>

മണക്കാട് ഡി.വി.എൽ.പി.എസ് ലെ ഹെഡ്മിസ്ട്രസ്സ് ആയി ടി സ്കൂളിലെ മുതിർന്ന എൽ.പി.എസ്.ടി ആയ ശ്രീമതി. പി.കെ.പ്രീതയെ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ടി സ്കൂളിൽ

നിന്നും സംരക്ഷണം ലഭിച്ച് പുനർ വിന്യസിച്ചിരുന്ന എൽ.പി.എസ്.ടി ആയ ശ്രീമതി. റസിയ ബീഗത്തിനെ വിദ്യാഭ്യാസ ഉപഡയറക്ടർ തിരികെ വിളിക്കുകയും ടിയാരി 31/03/2019 ൽ വിരമിക്കുകയും ചെയ്തു. ടി ഒഴിവിലാണ് ശ്രീമതി. ദിവ്യ ചന്ദ്രനെ 06/06/2019 മുതൽ റഗുലർ സ്കെയിലിൽ മാനേജർ നിയമിച്ചത്. ശ്രീമതി. പി.കെ.പ്രീതയുടെ പ്രഥമാദ്ധ്യാപക നിയമനം സംബന്ധിച്ച റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പരിഗണനയിലാണ്. ശ്രീമതി. ദിവ്യ ചന്ദ്രന്റെ നിയമനം കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചതിനെതിരെ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിച്ച അപ്പീൽ സമയബന്ധിതമായിരുന്നില്ല. ഒഴിവ് വ്യവസ്ഥാപിതമാകാതിരുന്നതിനാലും നിശ്ചിത സമയപരിധിയിൽ അപ്പീൽ സമർപ്പിക്കാതിരുന്നതിനാലുമാണ് ശ്രീമതി. ദിവ്യ ചന്ദ്രന്റെ നിയമനം സംബന്ധിച്ച അപ്പീൽ 30/03/2020 ലെ ബി.1/192170/20 നമ്പർ ഉത്തരവ് പ്രകാരം ഈ ആഫീസിൽ നിന്നും നിരസിച്ചത് എന്ന് അറിയിച്ചുകൊള്ളുന്നു.

4) <u>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.</u>

എ) കൊല്ലം മണക്കാട് ഡി.വി.എൽ.പി.എസ് വ്യക്തിഗത മാനേജ്മെന്റ് സ്കൂളാണ്. ടി സ്കൂളിലെ പ്രഥമാദ്ധ്യാപികയുടെ റിട്ടയർമെന്റിനെ തുടർന്ന് സീനിയർ എൽ.പി.എസ്.റ്റി ശ്രീമതി. പ്രീത.പി.കെ.യെ സ്കൂൾ മാനേജർ 02/05/2018 മുതൽ പ്രഥമാദ്ധ്യാപികയായി നിയമിച്ചു. എന്നാൽ ടി സ്കൂളിൽ 01/01/2019 മുതൽ മാനേജർക്ക് നിയമനാംഗീകാരം ലഭിച്ചിരുന്നില്ല. ശ്രീമതി. പ്രീത.പി.കെ ഹെഡ്മിസ്ട്രസ്സ് നിയമനാംഗീകാരത്തിനാവശ്യമായ വകുപ്പ് തല പരീക്ഷ വിജയിച്ചിട്ടില്ല. ടി കാരണങ്ങളാൽ ശ്രീമതി. പ്രീത പി.കെ.യുടെ നിയമനാംഗീകാരം ഈ ആഫീസിൽ നിന്നും നിരസിക്കപ്പെട്ടു. മറ്റൊരു സ്കൂളിൽ നിലനിൽക്കുന്ന റസിയാബീഗം എൽ.പി.എസ്.റ്റി യെ കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ ശ്രീമതി പ്രീത.പി.കെ യ്ക്ക് സ്ഥാനക്കയറ്റം നൽകിയത് നിമിത്തമുണ്ടായ എൽ.പി.എസ്.റ്റി ഒഴിവിലേയ്ക്ക് തിരികെ വിളിച്ചിട്ട് ഉത്തരവ് നൽകി. തസ്തികയില്ലാത്തതിനെ തുടർന്ന് സ്കൂളിൽ നിന്നും പുനർവിന്യസിക്കപ്പെട്ട് മറ്റ് സ്കൂളിൽ നിലനിർത്തിയപ്പോഴും ശ്രീമതി. റസിയബീഗം എൽ.പി.എസ്.റ്റി മാതൃസ്കൂളായ മണക്കാട് ഡി.വി.എൽ.പി.എസ്-ൽ നിന്നാണ് വേതനാനുകൂല്യങ്ങൾ കൈപ്പറ്റിയിരുന്നത്. ശ്രീമതി. റസിയാബീഗം എൽ.പി.എസ്.റ്റി 31/03/2019 ൽ റിട്ടയർ ചെയ്തു.

ബി) ശ്രീമതി റസിയാബീഗം എൽ.പി.എസ്.റ്റി യുടെ റിട്ടയർമെന്റ് നിമിത്തം വന്ന ഒഴിവിലാണ് WP(C) 2374/2021 ന്റെ ഹർജിക്കാരിയായ ശ്രീമതി. ദിവ്യചന്ദ്രന് 06/06/2019 മുതൽ നിയമനം ലഭിച്ചത്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/19500/19 14/05/2019 തീയതി സർക്കുലറിൽ 2019-20 മുതൽ നിയമനാംഗീകാര പ്രൊപ്പോസലുകൾ സമന്വയ സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കണം എന്ന് നിർദ്ദേശം ലഭിച്ചിരുന്നു. 15/06/2019 മുതൽ സോഫ്റ്റ് വെയർ മുഖേന പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ സാധ്യമായിരുന്നു. മാനുവൽ ആയി ലഭ്യമായ നിയമനപ്രൊപ്പോസൽ സമന്വയ വഴി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി കൊണ്ട് ഈ ആഫീസിൽ നിന്നും തിരിച്ചയച്ചിരുന്നു. എന്നാൽ തത്സമയം സ്കൂൾ മാനേജർക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ അപേക്ഷ സമന്വയ വഴി സമർപ്പിക്കപ്പെട്ടിട്ടില്ല.

സി) മണക്കാട് ഡി.വി.എൽ.പി.എസ് മാനേജരായി ശ്രീമതി. ഷൈലജകുമാരിക്ക് 01/01/2018 മുതൽ 31/12/2019 വരെ അംഗീകാരം ലഭിച്ചത് ഈ ആഫീസിലെ ഡി/4595/19 നമ്പർ കെ.ഡിസ് 31/12/2019 ഉത്തരവ് പ്രകാരമാണ്. തുടർ ന്ന് 28/01/2021 ൽ മാനേജർ ശ്രീമതി. ദിവ്യചന്ദ്രന്റെ എൽ.പി.എസ്.റ്റി നിയമനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ സമന്വയ പ്രൊപ്പോസൽ വഴി സമർപ്പിച്ചു.

ഡി) 2019-20 തസ്തിക നിർണ്ണയം സമന്വയ വഴി പൂർത്തീകരിച്ചപ്പോൾ എച്ച്.എം-1, എൽ.പി.എസ്.റ്റി - 3, ജൂനിയർ അറബിക് ടീച്ചർ-1 എന്നിങ്ങനെ തസ്തികകളാണ് അനുവദിക്കപ്പെട്ടത്. പ്രഥമാദ്ധ്യാപക നിയമനം ശ്രീമതി. പ്രീത.പി.കെയ്ക്ക് അംഗീകരിച്ചു ലഭിക്കാത്ത സാഹചര്യത്തിൽ ഹെഡ്മിസ്ട്രസ്സ് തസ്തികയിൽ അലോട്ട്മെന്റ് സമന്വയയിൽ ഒഴിഞ്ഞു കിടന്നു. എന്നാൽ എൽ.പി.എസ്.റ്റി യുടെ 3 തസ്തികകളിൽ ശ്രീമതി. പ്രീത.പി.കെ, ശ്രീമതി. ജയ.എസ്, ശ്രീമതി. ലളിതാഭായി അമ്മ എന്നിവർ ഉൾപ്പെട്ടു. ശ്രീമതി.പ്രീത.പി.കെയുടെ പ്രഥമാദ്ധ്യാപിക തസ്തികയിലെ അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച് മാനേജർ ബഹു. പൊതു വിദ്യാഭ്യാസ സെക്രട്ടറി മുൻപാകെ സമർപ്പിച്ച റിവിഷൻ ഹർജിയിൻമേൽ ഉത്തരവ് ഇതുവരെ ലഭ്യമായിട്ടില്ല.

ഇ) ശ്രീമതി. ദിവ്യചന്ദ്രന്റെ 06/06/2019 മുതലുള്ള എൽ.പി.എസ്.റ്റി നിയമന പ്രൊപ്പോസൽ യഥാസമയം സമന്വയ വഴി ലഭ്യമാകാത്തതിനാലും ശ്രീമതി. പ്രീത.പി.കെ യുടെ പ്രഥമാദ്ധ്യാപിക നിയമനം അംഗീകരിക്കപ്പെടാതെ എൽ.പി.എസ്.ടി ഒഴിവ് സ്ഥിരീകരിക്കപ്പെടാത്തതിനാലും പ്രൊപ്പോസൽ ഉത്തരവ് നം.ഡി.2023/20 തീയതി 05/02/2020 പ്രകാരം ഈ ആഫീസിൽ നിന്നും നിരസിക്കപ്പെട്ടു. തുടർന്ന് മാനേജർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസ് മുൻപാകെ അപ്പീൽ സമർപ്പിച്ചു. എന്നാൽ യഥാസമയം അപ്പീൽ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനാലും എൽ.പി.എസ്.റ്റി യുടെ ഒഴിവ് സ്ഥരീകരിക്കപ്പെടാത്തതിനാലും അപ്പീലും നിരസിക്കപ്പെട്ടു. എൽ.പി.എസ്.റ്റി ഒഴിവ് സ്ഥിരീകരിക്കപ്പെടാത്തതിനാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ സമർപ്പിച്ച റിവിഷൻ അപ്പീലും നിരസിക്കപ്പെട്ടു.

എഫ്) മണക്കാട് ഡി.വി.എൽ.പി.എസ് ൽ 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 75 കുട്ടികൾ ആണ് ഉള്ളത്. സ്കൂൾ മതിയായ വിഭാഗം കുട്ടികൾ ഉള്ള വിദ്യാലയത്തിന്റെ ഗണത്തിൽ ഉൾപ്പെടുന്നു. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനായി പ്രഥമാദ്ധ്യാപിക തസ്തികയിൽ അംഗീകാരം ലഭിക്കുന്നതുവരെ ശ്രീമതി. പ്രീത.പി.കെ യ്ക്ക് പ്രഥമാദ്ധ്യാപികയുടെ അധിക ചുമതല കൂടി നൽകി ഉത്തരവ് ഈ ആഫീസിൽ നിന്നും നൽകിയിട്ടുണ്ട് എന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

5) <u>മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.</u>

എ) DVLPS മണക്കാട് സ്ഥാപിച്ചത് 1955 ലാണ്. ധർമ്മക്കുടി എന്ന കുടുംബത്തിന്റെതാണ് ടി സ്കൂൾ. ധർമ്മക്കുടി ചാരിറ്റബിൾ ട്രസ്റ്റാണ് സ്കൂളിന്റെ മാനേജരെ തെരഞ്ഞെടുക്കുന്നത്. ബൈലാ

പ്രകാരം രണ്ടുവർഷമാണ് മാനേജരുടെ കാലാവധി എന്നാൽ കാലാവധി വീണ്ടും രണ്ടുവർഷത്തേക്ക് നീട്ടി നൽകാവുന്നതാണ്. 10/12/2021-ൽ കൂടിയ ടി സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി യോഗം ടി സ്കൂൾ സർക്കാരിലേയ്ക്ക് വിട്ടുനൽകുവാൻ തീരുമാനിക്കുകയുണ്ടായി.

ബി) 06/06/2019 ൽ ആണ് ഈ കേസിനാധാരമായ ടീച്ചർ, ശ്രീമതി ദിവ്യാചന്ദ്രനെ മാനേജർ ശ്രീമതി ശൈലജകുമാരി നിയമിച്ചത്. ശ്രീമതി. എ. കെ റസിയ ബീഗം എന്ന ടീച്ചർ റിട്ടയർ ചെയ്ത ഒഴിവിലാണ് നിയമിച്ചത്. AEO – യുടെ അംഗീകാരത്തിനായി സമർപ്പിച്ചു എങ്കിലും 05/02/2020-ലെ ഉത്തരവുപ്രകാരം ശ്രീമതി.പി.കെ.പ്രീത എന്ന അദ്ധ്യാപികയുടെ സ്ഥാനക്കയറ്റം, 2018 ജൂണിൽ അംഗീകാരത്തിനായി നൽകിയെങ്കിലും നാളിതുവരെ അംഗീകരിച്ചിട്ടില്ലാത്തതിനാൽ എൽ.പി.എസ്.ടി ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താൽ നിരസിച്ചു.

സി) 28/02/2020-ൽ മാനേജർ ഡി.ഇ.ഒയ്ക്ക് അപ്പീൽ നൽകി 30/03/2020-ൽ അപ്പീൽ തള്ളി ഉത്തരവായി. നിയമന പ്രൊപ്പോസൽ സമർപ്പിച്ചതിലെ കാലതാമസം, ഒഴിവ് സ്ഥിരീകരിക്കപ്പെടാത്തത്, അപ്പീൽ സമർപ്പണത്തിലെ കാലതാമസം എന്നിവയാണ് അപ്പീൽ അനുവദിക്കാതിരിക്കാനുള്ള കാരണം. അതിനെതിരെ നൽകിയ റിവിഷൻ പെറ്റീഷനും അനുവദിച്ചില്ല. അപ്പീൽ അധികാരിയും റിവിഷണൽ അധികാരിയും വിഷയം സാങ്കേതികമായി മാത്രം കണ്ട് യഥാർത്ഥ വസ്തുതയും നിയമവശവും പരിശോധിക്കുന്നതിൽ പരാജയപ്പെട്ടു എന്നു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ ആ ഉത്തരവുകൾ വെറും യാന്ത്രിക സ്വഭാവത്തോടു കൂടിയതായിപ്പോയി, നിയമം മനസ്സിലാക്കാതെയും .

ഡി) ഇതിനോടൊപ്പം പരിഗണിക്കപ്പെടേണ്ട വസ്തുതയാണ് ഈ സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. പി.കെ.പ്രീത. 2018 ജൂണിൽ പ്രഥമ അധ്യാപികയായി ചുമതലയുള്ള ശ്രീമതി. പ്രീതയ്ക്ക് സ്ഥാനകയറ്റം ലഭിച്ചതായി ഡി.ഇ.ഒ യുടെ 30/03/2020 ലെ ഉത്തരവിൽ പറയുന്നുണ്ട്. ശ്രീമതി. പി.കെ.പ്രീതയുടെ സ്ഥാനകയറ്റം എ.ഇ.ഒ അംഗീകരിക്കാത്തതാണ് ദിവ്യാ ചന്ദ്രന്റെ നിയമനം അംഗീകരിക്കുന്നതിനും തടസ്സമാകുന്നത്. ശ്രീമതി.പി.കെ.പ്രീതയുടെ നിയമനം അംഗീകരിക്കാതിരിക്കുന്നതിന്റെ കാരണമായി, എ.ഇ.ഒ, 20/06/2019-ലെ ഉത്തരവിൽ പറയുന്നത് "അംഗീകാരമില്ലാത്ത മാനേജരാണ് നിയമനം നടത്തിയത്" എന്നാണ്. എന്നാൽ എ.ഇ.ഒ യുടെ 31/12/2019-ലെ ഡി-4595/2019 നമ്പർ ഉത്തരവുപ്രകാരം 01/01/2018 മുതൽ 31/12/2019 വരെ ശ്രീമതി.ശൈലജകുമാരിയെ മാനേജരായി അംഗീകരിച്ചിട്ടുണ്ട് മാത്രമല്ല 21/01/2020-ലെ ഡി-150/2020 ഉത്തരവു പ്രകാരം ടി ശൈലജകുമാരിയെ മാനേജരായി 01/01/2020 മുതൽ 31/12/2021 വരെയും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പറഞ്ഞ എ.ഇ.ഒ.യുടെ 31/12/2019-ലെ ഉത്തരവനുസരിച്ച് ശ്രീമതി. പി.കെ.പ്രീതയ്ക്ക് പ്രഥമ അധ്യാപികയായി തുടരാൻ നിയമതടസ്സമില്ല. ശ്രീമതി. പി.കെ.പ്രീതയുടെ സ്ഥാനക്കയറ്റം ഇപ്പോൾ നിയമാനുസൃതം ആയിരിക്കുന്നു. മാനേജരുടെ നിയമനം എ.ഇ.ഒ (01/01/2018 – 31/12/2019), 21/01/2020 ലെ ഉത്തരവിലൂടെ അംഗീകരിച്ചതോടെ മാനേജരുടെ 02/05/2018-ലെ ശ്രീമതി. പി.കെ.പ്രീതയെ ഹെഡ്മിസ്ട്രസ് ആയി നിയമിച്ച നടപടി

നിയമാനുസൃതമായിത്തീരുന്നു. (legalised) ഒരുവിധ തടസ്സവാദങ്ങളും ഇനി നിലനിൽക്കില്ല. ശ്രീമതി. പി.കെ.പ്രീതയ്ക്ക് 31 വർഷത്തെ സർവ്വീസ്സുണ്ട്. ടിയാളുടെ ജനനത്തീയതി 30/06/1969 ആണ്. സീനിയർ മോസ്റ്റ് ആണ്.

ഇ) ശ്രീമതി. ദിവ്യാ ചന്ദ്രൻ 06/06/2019-ൽ ശ്രീമതി റസിയ ബീഗം വിരമിച്ച ഒഴിവിലാണ് അധ്യാപികയാകുന്നത്. ശ്രീമതി. റസിയ ബീഗം വിരമിച്ചതോടെ ആ ഒഴിവ് ഇല്ലാതാകുന്നില്ല. പ്രൊപോസൽ അയച്ചത് വൈകിപ്പോയി എന്ന മാനേജരുടെ ഭാഗത്ത് വീഴ്ച്ച വന്നിട്ടുണ്ടെങ്കിൽ ആ കാലതാമസം മാപ്പാക്കാവുന്നതേയുള്ളു. രണ്ടുവർഷക്കാലത്തിലധികമായി ശ്രീമതി.ദിവ്യാചന്ദ്രൻ ജോലി ചെയ്യുന്നു. ഇവിടെ ശ്രീമതി.ദിവ്യാചന്ദ്രന് നീതി നിഷേധിക്കപ്പെടുന്നത് ശ്രീമതി. പി.കെ.പ്രീതയുടെ സ്ഥാനക്കയറ്റത്തിനുള്ള നിയമാനുസൃതമായ അംഗീകാരം നൽകാത്തതുകൊണ്ടു മാത്രമാണ്. ശ്രീമതി. പ്രീതയുടെ സ്ഥാനക്കയറ്റം അംഗീകരിക്കുന്നതോടെ വ്യവസ്ഥാപിത എൽ.പി.എസ്.ടി ഒഴിവ് വരികയും ശ്രീമതി.ദിവ്യാചന്ദ്രന്റെ വിഷയം പരിഹരിക്കപ്പെടുകയും ചെയ്യും.

ആയതിനാൽ ഈ വിഷയം സാമൂഹ്യനീതിയ്ക്ക് വിധേയമായി പരിഗണിച്ച് ശ്രീമതി. ദിവ്യാചന്ദ്രന് അതുവഴി ശ്രീമതി.പി.കെ.പ്രീതയ്ക്കും നീതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

6) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ശ്രീമതി റസിയാബീഗം എൽ.പി.എസ്.റ്റി യുടെ റിട്ടയർമെന്റ് നിമിത്തം വന്ന ഒഴിവിലാണ് ഹർജിക്കാരിയായ ശ്രീമതി. ദിവ്യചന്ദ്രന് 06/06/2019 മുതൽ നിയമനം ലഭിച്ചത്. പ്രൊട്ടക്റ്റഡ് റ്റീച്ചറായ ശ്രീമതി റസിയാബീഗം റിട്ടയർമെന്റ് വരെ നിലനിന്നിരുന്നത് ശ്രീമതി. പ്രീതയുടെ സ്ഥാനക്കയറ്റം മൂലം ഉണ്ടായ എൽ.പി.എസ്.റ്റി ഒഴിവിലാണ്. എന്നാൽ ശ്രീമതി. പ്രീതയുടെ സ്ഥാനക്കയറ്റം അംഗീകരിക്കപ്പെട്ടിട്ടില്ല. തന്മൂലം ശ്രീമതി. പ്രീത നിലനിന്നുവന്നതായ എൽ.പി.എസ്.റ്റി ഒഴിവ് സ്ഥിരീകരിക്കപ്പെടുന്നില്ലെന്ന തടസ്സവാദമാണ് പ്രധാനമായും വിദ്യാഭ്യാസ ഓഫീസർ ഉന്നയിക്കുന്നത്. വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടു പ്രകാരം 2019-20 തസ്തിക നിർണ്ണയം സമന്വയ വഴി പൂർത്തീകരിച്ചപ്പോൾ എച്ച്.എം-1, എൽ.പി.എസ്.റ്റി - 3, ജൂനിയർ അറബിക് ടീച്ചർ- 1 എന്നീങ്ങനെ തസ്തികകളാണ് അനുവദിക്കപ്പെട്ടത്. പ്രഥമാദ്ധ്യാപക നിയമനം ശ്രീമതി. പ്രീത.പി.കെയ്ക്ക് അംഗീകരിച്ചു ലഭിക്കാത്ത സാഹചര്യത്തിൽ ഹെഡ്മിസ്ട്രസ്സ് തസ്തികയിൽ അലോട്ട്മെന്റ് സമന്വയയിൽ ഒഴിഞ്ഞു കിടന്നു. എന്നാൽ എൽ.പി.എസ്.റ്റി യുടെ 3 തസ്തികകളിൽ ശ്രീമതി. പ്രീത.പി.കെ, ശ്രീമതി. ജയ.എസ്, ശ്രീമതി. ലളിതാഭായി അമ്മ എന്നിവർ ഉൾപ്പെട്ടു. ശ്രീമതി.പ്രീത.പി.കെയുടെ പ്രഥമാദ്ധ്യാപിക തസ്തികയിലെ അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച് മാനേജർ ബഹു. പൊതു വിദ്യാഭ്യാസ സെക്രട്ടറി മുൻപാകെ സമർപ്പിച്ച റിവിഷൻ ഹർജി സർക്കാരിൽ പരിഗണനയിലാണ് എന്നും സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനായി പ്രഥമാദ്ധ്യാപിക തസ്തികയിൽ അംഗീകാരം ലഭിക്കുന്നതുവരെ ശ്രീമതി. പ്രീത.പി.കെ യ്ക്ക് പ്രഥമാദ്ധ്യാപികയുടെ അധിക ചുമതല കൂടി നൽകി ഉത്തരവ് നൽകിയിട്ടുണ്ട് എന്നും വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

7 ) മേൽ വിവരിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ, ശ്രീമതി. പ്രീത.പി.കെ യ്ക്ക് പ്രഥമാദ്ധ്യാപികയുടെ അധിക ചുമതല കൂടി നൽകിയിട്ടുള്ളതിനാൽ ഹെഡ്മിസ്ട്രസ് ശ്രീമതി പ്രസന്നകുമാരി റിട്ടയർ ചെയ്തതുമൂലം സ്വതന്ത്രമായ ഒഴിവ് അതേപടി തുടരുന്നുണ്ട്. അതുകൊണ്ട് ഫലത്തിൽ വിദ്യാഭ്യാസ ഓഫീസർ അവകാശപ്പെടുന്നതുപോലെ 3 എൽ.പി.എസ്.റ്റി തസ്തിക മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളൂ എങ്കിലും ശ്രീമതി. പ്രീത.പി.കെ പ്രഥമാദ്ധ്യാപികയുടെ അധിക ചുമതലയും ഒരു എൽ.പി. ഡിവിഷൻറെ ചുമതലയും വഹിക്കുന്നതുകൊണ്ട് ഹെഡ്മിസ്ട്രസ് ശ്രീമതി പ്രസന്നകുമാരി റിട്ടയർ ചെയ്തതുമൂലം ഉണ്ടായ എൽ.പി.എസ്.റ്റി ഒഴിവ് നികത്താതെ തുടരുന്നുള്ളതായി തന്നെ കണക്കാക്കേണ്ടിയിരിക്കുന്നു. ഈ ഒഴിവിലേയ്ക്കാണ് ശ്രീമതി റസിയാബീഗത്തെ തിരികെ വിളിച്ച് നിലനിർത്തിയിരുന്നത്. അതുകൊണ്ട്, ശ്രീമതി റസിയാബീഗം റിട്ടയർ ചെയ്തപ്പോൾ ഉണ്ടാകുന്ന ഒഴിവിൽശ്രീമതി. ദിവ്യചന്ദ്രന് നിയമനം നൽകിയത് സാധൂകരിക്കേണ്ടതായി കാണപ്പെടുന്നു. ശ്രീമതി. പ്രീത.പി.കെ ഹെഡ്മിസ്ട്രസ്സ് നിയമനാംഗീകാരത്തിനാവശ്യമായ വകുപ്പ് തല പരീക്ഷ വിജയിച്ചിട്ടില്ല എന്നും ടി കാരണങ്ങളാൽ ശ്രീമതി. പ്രീത പി.കെ.യുടെ നിയമനാംഗീകാരംനിരസിച്ചുവെന്നുമാണ് വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളിൽ കാണുന്നത്. ശ്രീമതി. പ്രീത പി.കെ.യുടെ നിയമനാംഗീകാരം സംബന്ധിച്ച റിവിഷൻ ബി.1/ 90/2021/ പൊ.വി.വ. എന്ന സർക്കാർ ഫയലിൽപരിശോധിച്ചു വരുന്നതായി ഹിയറിങ് സമയത്ത് വ്യക്തമാക്കപ്പെട്ടു

8) സീനിയോറിട്ടി ലിസ്റ്റിൽ വകുപ്പതല പരീക്ഷ ജയിക്കാത്തവർ മാത്രമുള്ള കേസുകളിൽ കെ.ഇ. ആർ അദ്ധ്യായം 14എ ചട്ടം. 45സി വ്യവസ്ഥ ചെയ്തപ്രകാരം താൽക്കാലികപ്രൊമോഷൻ നടത്തുന്നതിനു തടസ്സമില്ല. നിർദ്ദിഷ്ട സേവനകാലയളവ് പൂർത്തിയാക്കാത്ത റ്റീച്ചറെ പ്രസ്തുത ചട്ടത്തിൻറെ ഉപചട്ടം 6 പ്രകാരം റ്റീച്ചർ -ഇൻ - ചാർജ് ആയി നിയമിക്കുന്നതിനും തടസ്സമില്ല. ഈ രണ്ടു സാഹചര്യങ്ങളിലും റിസൾട്ടൻറ്റ് ഒഴിവ് നികത്തുന്നതിന് അനുവദിക്കുന്നുമുണ്ട്. ആയതിനാൽ പ്രസ്തുത ചട്ടം പ്രകാരം മാനേജർ പുതുക്കിയ നിയമന ഉത്തരവ് നൽകുന്ന മുറയ്ക്ക് ശ്രീമതി.പി.കെ.പ്രീത എന്ന അദ്ധ്യാപികയുടെ സ്ഥാനക്കയറ്റം അംഗീകരിച്ചുനൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്കു നൽകി, സർക്കാർ മുമ്പാകെയുള്ള ശ്രീമതി.പി.കെ.പ്രീതയുടെ റിവിഷൻ തീർപ്പാക്കുന്നു .

9) മേല്പറഞ്ഞപ്രകാരം ശ്രീമതി.പി.കെ.പ്രീതയുടെ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവ് വ്യവസ്ഥാപിതമാകുന്ന മുറയ്ക്ക് ഹർജിക്കാരി ശ്രീമതി ദിവ്യാചന്ദ്രൻ്റെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, നിയമനാംഗീകാരപ്രൊപ്പോസൽ സമർപ്പിക്കുന്നതിലുള്ള കാലതാമസം (മാനേജറുടെ അംഗീകാരം മുൻ കാലപ്രാബല്യത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതു കണക്കിലെടുത്ത്) മാപ്പാക്കിക്കൊണ്ട് അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം വിദ്യാഭ്യാസ ഓഫീസർക്കു നൽകി എക്സിബിറ്റ്.പി. 6 തീർപ്പാക്കി അപ്രകാരം പരാമർശം (2) ലെ ബഹു: ഹൈക്കോടതി വിധി നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.(ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ്), തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ശ്രീമതി ദിവ്യ ചന്ദ്രൻ , എൽ പി എസ് ടി, ഡി വി എൽ പി എസ് മണക്കാട്, വടക്കേവിള പി ഓ, കൊല്ലം

ശ്രീമതി.പി.കെ.പ്രീത,എൽ പി എസ് ടി, ഡി വി എൽ പി എസ് മണക്കാട്, വടക്കേവിള പി ഓ, കൊല്ലം

മാനേജർ, ഡി വി എൽ പി എസ് മണക്കാട്, വടക്കേവിള പി ഓ, കൊല്ലം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 26-03-2022 16:50:19**

സെക്ഷൻ ഓഫീസർ